[ശ്രീ. കെ. എം. മാണി: സർ, മുഖ്യമന്ത്രി പറഞ്ഞതു തെറ്റാണ്. ഈ നടപടിയിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നടത്തുന്നു.

(ശ്രീ. കെ. എം. മാണിയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭയിൽനിന്നും ഇറങ്ങിപ്പോയി).

Mr. Deputy Speaker in the chair

III. ശ്രദ്ധക്ഷണിക്കൽ

കൈത്തറി വ്യവസായ സ്തംഭനം

9·57 a.m.]

[ശ്രീ. എം. ചടയൻ ഗോവിന്ദൻ: കേരളത്തിലെ പരമ്പരാഗത വ്യവസായത്തിലൊന്നായ കൈത്തറി വ്യവസായം ഇക്കഴിഞ്ഞ അഞ്ചാറുമാസക്കാലമായി വീണ്ടും കാര്യമായതോതിൽ സ്തംഭിച്ചു കഴിഞ്ഞിരിക്കുകയാണ്. ഇതിന്റെ ഫലമായി ഒരു ലക്ഷത്തിലധികംവരുന്ന കൈത്തറി തൊഴിലാളികളും അവരുടെ കുടുംബങ്ങളും പട്ടിണിയിലാണ് കഴിഞ്ഞുകൂടുന്നത്. ഇതിനു പരിഹാരം കാണണമെന്ന് ആവശ്യപ്പെട്ടുകൊണ്ടും, നൂൽവില നിജപ്പെടുത്തുകയും നിജപ്പെടുത്തിയിട്ടുള്ള വിലയ്ക്ക് കൃത്യമായി വ്യവസായം നടത്തുന്നതിനാവശ്യമായ നൂൽ ലഭിക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ടും, വ്യവസായികളും അതുപോലെതന്നെ തൊഴിലാളി സംഘടനകളും ശക്തമായ അനവധി പ്രക്ഷോഭണങ്ങൾ കേരളത്തിൽ നടത്തിക്കഴിഞ്ഞിട്ടുണ്ട്. പക്ഷേ, ഈ കാര്യത്തിൽ ഗുരുതരമായ അലസമനോഭാവമാണ് ഗവൺമെന്റ് സ്വീകരിച്ചത് എന്നുള്ളതാണ് അനുഭവത്തിൽ കാണാൻ കഴിഞ്ഞിട്ടുള്ളത്. ഇപ്പോഴും ഉണ്ടായിട്ടുള്ള ഈ സമരത്തിന്റെ കാരണം നൂലിന്റെ അമിതമായ വിലക്കയറ്റവും അതുപോലെതന്നെ ആവശ്യമായ തരം നൂൽ ലഭിക്കാത്തതുമാണ്. വിലക്കയറ്റത്തെ സംബന്ധിച്ച് പറയുകയാണെങ്കിൽ ഈ കഴിഞ്ഞ ആറുമാസത്തിനുള്ളിൽ മുപ്പതു ശതമാനം മുതൽ എഴുപതു ശതമാനംവരെ വിലവർദ്ധനവ് ഉണ്ടായിക്കഴിഞ്ഞിരിക്കുകയാണ്. ഇങ്ങനെ വിലവർദ്ധിക്കത്തക്കതരത്തിൽ നൂലിന്റെ ഉൽപ്പാദനച്ചെലവിൽ കാര്യമായ വർദ്ധനവ് ഉണ്ടായതായി ആർക്കും പറയാൻ സാദ്ധ്യമല്ല. ഞാൻ മനസ്സിലാക്കിയിടത്തോളം പഞ്ഞിയുടെ വിലയിൽ കഴിഞ്ഞ ആറുമാസത്തിനുള്ളിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടെന്ന് മനസ്സിലാക്കാൻ കഴിഞ്ഞിട്ടില്ല. തികച്ചും കൊള്ളയടിക്കൽ എന്ന വിധത്തിലാണ് മിൽ ഉടമസ്ഥൻമാർ ഈ സന്ദർഭം ഉപയോഗപ്പെടുത്തി വിലയിൽ വർദ്ധനവ് വരുത്തിയിട്ടുള്ളത്. തീർച്ചയായും ഇതിന് പരിഹാരം കാണുക എന്നു പറയുമ്പോഴും ഈ സംസ്ഥാന ഗവൺമെന്റിനുമാത്രം സാധിക്കുന്ന കാര്യമാണ് അത് എന്ന് എനിക്ക് അഭിപ്രായമില്ല. ഈ സംസ്ഥാനത്തിന് വെളിയിലുള്ള മില്ലുകളിലാണ് നൂൽ ഉൽപ്പാദിപ്പിക്കപ്പെടുന്നത്. ഈ സംസ്ഥാന ഗവൺമെന്റ് കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽ ഇക്കാര്യം ഗൗരവമായി കൊണ്ടുവരികയും യാതൊരു ദാക്ഷിണ്യവുമില്ലാതെ കൊള്ളയടിക്കൽ സ്വഭാവം എന്ന നിലയ്ക്ക് വില വർദ്ധിപ്പിച്ചുകൊണ്ടിരിക്കുന്നതിന് ഒരു നിയന്ത്രണം വരുത്തുന്നതിന് കേന്ദ്രത്തെക്കൊണ്ട് ആവശ്യമായ നടപടി സ്വീകരിപ്പിക്കാനും ഈ ഗവൺമെന്റിന് ബാദ്ധ്യതയുണ്ട്. ഇത്രയും ശബ്ദം ഉയർത്തിക്കഴിഞ്ഞിട്ടും സംസ്ഥാന ഗവൺമെന്റ് ഇതിന് പരിഹാരം കാണാൻ എന്തെങ്കിലും പ്രവർത്തിച്ചിട്ടുണ്ടെന്ന് മനസ്സിലാക്കാൻ കഴിഞ്ഞിട്ടില്ല. ഇപ്പോഴാണെങ്കിൽ മിക്കവാറും പൂർണ്ണമായി ഈ വ്യവ

LIBRARY ARCHIVES Kerala Legislative Assembly

സായം സ്തംഭിച്ചുകഴിഞ്ഞിരിക്കുകയാണ്. കണ്ണൂർ ജില്ലയെ സംബന്ധിച്ചിടത്തോളം അവിടെയുള്ള എല്ലാ ട്രേഡ്യൂണിയൻ സംഘടനകളും വ്യവസായികളും ഒന്നിച്ചുനിന്ന് പ്രക്ഷോഭണം നടത്തുന്നതിന്റെ ഭാഗമെന്ന നിലയ്ക്ക് ഇന്ന് അവിടെയൊക്കെ തൊഴിലാളികളുടെ പണിമുടക്കും പ്രകടനവും ശക്തിപ്പെട്ടുകഴിഞ്ഞിരിക്കുകയാണ്. ഈ അമിതമായ വിലക്കയറ്റം തടയുന്നതിനുവേണ്ടി അടിയന്തിരമായ നടപടികൾ ഈ ഗവൺമെന്റ് മുൻകൈയെടുത്തു നടപ്പിൽവരുത്തണമെന്നാണ് എനിക്ക് ഈ സന്ദർഭത്തിൽ അഭ്യർത്ഥിക്കാനുള്ളത്. ഈ സന്ദർഭത്തിൽ മിൽ ഉടമസ്ഥൻമാരെപ്പോലെതന്നെ നാഷണൽ ടെക്സ്റ്റൈൽസ് കോർപ്പറേഷന്റെ കീഴിൽ പ്രവർത്തിക്കുന്ന മില്ലുകളും വിലവർദ്ധിപ്പിക്കുന്ന നിലപാടാണ് സ്വീകരിച്ചിട്ടുള്ളത്. ഇതൊരിക്കലും അംഗീകരിക്കാൻ സാധിക്കാത്ത ഒന്നാണ്. നാഷണൽ ടെക്സ്റ്റൈൽസ് കോർപ്പറേഷൻ ഉൽപ്പാദിപ്പിക്കുന്ന നൂലിന് ഈ രീതിയിൽ വിലവർദ്ധിപ്പിക്കുന്നതു നിറുത്തൽ ചെയ്യാനും അവർ ഉൽപ്പാദിപ്പിക്കുന്ന നൂല് ന്യായമായ വിലയ്ക്ക് ലഭ്യമാക്കാനും അടിയന്തിരമായ നടപടി ഈ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകണം. ഈ മേഖലയിൽ പ്രവർത്തിക്കുന്ന കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മില്ലുകളിലും പ്രൈവറ്റുമില്ലുകളിലും ഉൽപ്പാദിപ്പിക്കുന്ന നൂലിന്റെ വില കുറച്ചുകൊണ്ടുവരുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുകയും അവിടെ ഉൽപ്പാദിപ്പിക്കുന്ന നൂല് ഗവൺമെന്റ് വിതരണം ചെയ്യുന്നതിനും വേണ്ട നടപടി എടുക്കണം. 1979 ഏപ്രിൽ മാസത്തെ വിലയിലെങ്കിലും നൂലിന്റെ വില നിജപ്പെടുത്തിക്കൊണ്ടുവരാനുള്ള നടപടി സ്വീകരിക്കുന്നതോടൊപ്പം ആ നിശ്ചയിക്കപ്പെടുന്ന വിലയ്ക്ക് കൃത്യമായി വ്യവസായത്തിനാവശ്യമായ നൂൽ ലഭിക്കുന്നതിനുള്ള നടപടി അടിയന്തിരമായും സ്വീകരിക്കണം. അതിന് ഇന്നുകാണിക്കുന്ന അലസത അവസാനിപ്പിച്ച് സംഗതികളുടെ ഗൗരവം പരിഗണിച്ച് ആവശ്യമായ നടപടി സ്വീകരിക്കണമെന്നാണ് ഈ അവസരത്തിൽ ഗവൺമെൻറിനോട് അഭ്യർത്ഥിക്കാനുള്ളത്.

വനവും വ്യവസായവും വകുപ്പ് മന്ത്രി (ശ്രീ. പി. എസ്. ശ്രീനിവാസൻ): സർ, കൈത്തറി വ്യവസായം വളരെ വിഷമംപിടിച്ച പരിതഃസ്ഥിതിയെ നേരിടുകയാണ്. അതിന്റെ ഫലമായി ആ വ്യവസായത്തെ ആശ്രയിച്ചു ജീവിക്കുന്ന തൊഴിലാളികളും അവരുടെ ആശ്രിതരും പൊതുവെ നമ്മുടെ ആളുകളും വളരെ വിഷമത്തിലാണെന്നുള്ള ബഹുമാനപ്പെട്ട മെമ്പറുടെ അഭിപ്രായത്തോട് പൂർണ്ണമായും യോജിപ്പാണുള്ളത്. അദ്ദേഹം പ്രകടിപ്പിച്ച ആ വികാരങ്ങളെല്ലാം സ്റ്റേറ്റിന്റെ പൊതുവായി ഉള്ള വികാരങ്ങളാണ്. കണ്ണൂർ ജില്ലയിലെ സ്ഥിതിഗതികളെക്കുറിച്ച് പൊതുവെ അവിടെയുള്ള എം. എൽ. എ. മാർ ഇക്കാര്യം ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഈ കൈത്തറിവ്യവസായരംഗത്തുള്ള എല്ലാവരും ഒന്നിച്ചുനിന്നുകൊണ്ട് ശക്തമായി അവരുടെ വികാരങ്ങൾ പ്രകടിപ്പിച്ചിട്ടുണ്ട്. ഗവൺമെൻറിന് അതുസംബന്ധിച്ചുള്ള പല നിവേദനങ്ങളും ലഭിക്കുന്നുണ്ട്.

സർ, ഇതിൽ ഗവൺമെൻറ് അലസത കാണിക്കുന്നു എന്നു പറയുന്നതിനോട് എനിക്ക് യോജിപ്പില്ല. അതു ശരിയും അല്ല. ഈ ഗവൺമെൻറിന്റെ പരിധിയിലും കഴിവിലും ഉൾപ്പെടുന്ന എല്ലാകാര്യങ്ങളും പരമാവധി ഈ ഗവൺമെൻറ് ചെയ്തുകൊണ്ടിരിക്കുകയാണ്. കൈത്തറി വ്യവസായം ഉൾപ്പെടെ ടെക്സ്റ്റൈൽ വ്യവസായത്തിന് കഴിഞ്ഞകൊല്ലം ഒരു നല്ലകാലമായിരുന്നു. ഉൽപ്പന്നങ്ങൾ വിറ്റഴിക്കാൻ വലിയ പ്രയാസമൊന്നുമില്ല. നല്ല വിലയുണ്ട്. മറ്റു കുഴപ്പങ്ങളൊന്നുമില്ല. കെട്ടിക്കിടക്കുന്ന ചരക്കുകൾ വിറ്റഴിക്കുന്നതിനും സ്റ്റേറ്റിനും ചെയ്യാവുന്ന മറ്റുകാര്യങ്ങൾ ചെയ്യുന്നതിനും ഗവൺമെൻറ് കാര്യമായി പ്രവർത്തിച്ചിട്ടുണ്ട് എന്ന് കൈത്തറിവ്യവസായ

LIBRARY ARCHIVES Kerala Legislative Assembly

രംഗത്തുള്ള അഡ്വൈസറി കൗൺസിൽ ഉൾപ്പെടെയുള്ള ആളുകൾ പ്രഖ്യാപനമൂലം തന്നെ ഗവൺമെൻറിനെ അഭിനന്ദിച്ചുകൊണ്ടുള്ള തീരുമാനങ്ങൾ എടുത്തിട്ടുണ്ട്. അതുകൊണ്ട് ഗവൺമെൻറ് ഈ കാര്യത്തിൽ അനാസ്ഥ കാണിക്കുന്നു എന്നുള്ളത് ശരിയല്ല.

ഗവൺമെൻറിൻെറ കഴിവുകേടുകൊണ്ടുള്ള ഒരുപാടു കാര്യങ്ങൾ ഉണ്ട്. ഇപ്പോൾ നൂലിൻെറ വില കൂട്ടാൻ ഒരു ന്യായവുമില്ല. പഞ്ഞിക്ക് കഴിഞ്ഞ ആറേഴുമാസമായി വില അൽപ്പം കുറയുകയല്ലാതെ കൂടിയിട്ടില്ല. എന്നാൽ മിൽ ഉടമകൾ അനധികൃതമായി കണ്ടമാനം വില വർദ്ധിപ്പിക്കുന്നുണ്ട്. അതിന് അവർ പറഞ്ഞിട്ടുള്ള കാരണം പവ്വർ കട്ട്മൂലം ഉൽപ്പാദനം കുറഞ്ഞിട്ടുണ്ട് എന്നാണ്. കേരളത്തിലൊഴിച്ച് മറ്റ് സ്ഥലങ്ങളിലെല്ലാം പവ്വർകട്ട് മൂലം ഉൽപ്പാദനം കുറഞ്ഞിട്ടുണ്ട്. മഹാരാഷ്ട്രയിലും, ബംഗാളിലും തൊഴിലാളികളുടെ പണിമുടക്കുമൂലം തമിഴ്നാട്ടിലും കുറെക്കാലം മില്ലുകൾ അടച്ചിടേണ്ടിവന്നു. മറിച്ച് ചില അഭിപ്രായങ്ങൾ ഉണ്ട്. ഇവിടെ കുറച്ച് ഉൽപ്പാദിപ്പിക്കപ്പെടുന്ന നൂലിൽനിന്ന് അനധികൃതമായി മറ്റു രാജ്യങ്ങളിലേയ്ക്ക് കയറ്റുമതി ചെയ്യുന്നതായി പരാതികൾ ഉണ്ട്. ഈ കാര്യത്തിൽ എന്തെങ്കിലും പ്രധാനമായി ചെയ്യേണ്ടത് കേന്ദ്രഗവൺമെൻറാണ്. കേന്ദ്രഗവൺമെൻറിൻെറ മുമ്പിൽ ഇക്കാര്യം വളരെ ഗൗരവപൂർവ്വം പലതവണ ഉന്നയിച്ചിട്ടുണ്ട്. അതിൻെറ ഫലമായി ഡവലപ്പ്മെൻറ് കമ്മീഷണർ എല്ലാ സ്റ്റേറ്റിലും ഉള്ള കൈത്തറി ഡയറക്ടർമാരുടെ കോൺഫറൻസ് വിളിച്ചുകൂട്ടുകയുണ്ടായി. ആ കോൺഫറൻസിൽ ഈ കാര്യങ്ങൾ ചർച്ചചെയ്യുകയും കേന്ദ്രഗവൺമെൻറിൻെറ മുമ്പാകെ ഉന്നയിക്കുകയും ചെയ്തു. ഈ മാസം 27-ാംതീയതി കൂടുന്ന മുഖ്യമന്ത്രിമാരുടെ സമ്മേളനത്തിൽ ഈ പ്രശ്നം വയ്ക്കുകയും അതുസംബന്ധിച്ച തീരുമാനങ്ങൾ എടുക്കുകയും ചെയ്യുമെന്ന് വിശ്വസിക്കുന്നു. ഈ പ്രശ്നങ്ങൾ മുഖ്യമന്ത്രിമാരുടെ സമ്മേളനത്തിൽ വളരെ ഗൗരവത്തോടുകൂടി ഈ ഗവൺമെൻറ് ഉന്നയിക്കുന്നതാണ്.

ഇന്ന് ഉച്ചതിരിഞ്ഞ് ഈ പ്രശ്നം ചർച്ചചെയ്യാൻവേണ്ടി എൻ. ടി. സി. യുടെയും കെ. ടി. സി. യുടെയും സൗത്ത് ഇൻഡ്യാ മിൽ ഓണേഴ്സ് അസോസിയേഷൻെറയും എല്ലാം പ്രതിനിധികൾ ഉൾപ്പെടെ ഒരു കോൺഫറൻസ് മുഖ്യമന്ത്രി വിളിച്ചുകൂട്ടുന്നുണ്ട്. സംസ്ഥാന ഗവൺമെൻറ് ഇതിനുമുമ്പുതന്നെ കഴിഞ്ഞ ജൂലൈ മാസത്തിൽ ഒരു കോൺഫറൻസ് വിളിച്ചുകൂട്ടിയിട്ടുണ്ട്. ആ കോൺഫറൻസിൽ സംബന്ധിച്ചിരുന്ന മില്ലുടമസ്ഥൻമാരും കെ.ടി.സി.യുടെയും എൻ.ടി.സി.യുടെയും പ്രതിനിധികൾ ന്യായമായ അളവിൽ നൂൽ തരുന്നതിനുള്ള തീരുമാനം എടുക്കുകയും ആ തീരുമാനം നടപ്പിലാക്കുകയും ചെയ്തു. കെ. ടി. സി. നടപ്പിലാക്കിക്കൊണ്ടിരിക്കുന്നുണ്ട്. എൻ.ടി.സി.യെപ്പറ്റി ബഹുമാനപ്പെട്ട മെമ്പർ ഉന്നയിച്ച ആക്ഷേപം ശരിയാണ്. അവർപോലും ന്യായമായ വിലയ്ക്ക് നൂൽ ലഭ്യമാക്കുന്നില്ല. ഏതായാലും വില കുറയ്ക്കാനും ന്യായമായ അളവിൽ പരമാവധി നൂൽ കിട്ടുന്നതിനുള്ള തരത്തിലുള്ള ഏർപ്പാട് ഉണ്ടാക്കുന്നതിനു് ഇന്നു കൂടുന്ന സമ്മേളനത്തിൽ തീരുമാനിക്കാൻ കഴിയും. അതിനപ്പുറത്ത് സെൻട്രൽ ഗവൺമെൻറ് ഏടുക്കേണ്ട തീരുമാനം എടുപ്പിക്കുന്നതിനും ഗവൺമെൻറ് പരമാവധി ശ്രമിക്കുന്നതാണ്. ഈ മാസം 27-ാംതീയതി മുഖ്യമന്ത്രിമാരുടെ സമ്മേളനംകൂടുമ്പോൾ നമ്മുടെ സ്റ്റേറ്റിൻെറ താൽപ്പര്യങ്ങൾ പരമാവധി പരിരക്ഷിക്കുന്നതിനുവേണ്ടി അവിടെ പരിശ്രമിക്കുന്നതും സെൻട്രൽ ഗവൺമെൻറിനെക്കൊണ്ട് നടപടി എടുപ്പിക്കുവാൻ സ്റ്റേറ്റുഗവൺമെൻറ് ചെയ്യാവുന്ന എല്ലാ കാര്യങ്ങളും ചെയ്യുന്നതുമാണെന്നു മാത്രമേ സഭയെ അറിയിക്കുവാനുള്ളു. വളരെ ഗൗരവത്തോടുകൂടി ഈ പ്രശ്നം ഗവൺമെൻറ് എടുത്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly